ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി,സി&ഡി) കോർപ്പറേഷൻ പ്രതിമാസ ലാഭനഷ്ട കണക്കുകൾ എടുക്കാറില്ല. പകരം ഒരു സാമ്പത്തിക വർഷത്തെ ലാഭനഷ്ടകണക്കുകൾ ആണ് എടുക്കുന്നത്. 1996-97 സാമ്പത്തിക വർഷത്തിലെ കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം 28.02 കോടി രൂപയാണ്.

1. നഷ്ടത്തിലോടുന്ന സർവീസുകൾ തിരിച്ചറിഞ്ഞ് അവ റദ്ദുചെയ്യുകയും ലാഭകരമായി റൂട്ടുകളിൽ പുനർവിന്യസിപ്പിക്കാനുമുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

2. കോർപ്പറേഷനിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് കോർപ്പറേഷനുണ്ടാകുന്ന നഷ്ടം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. കോർപ്പറേഷന്റെ വക ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് യാത്രേതര വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

4. കോർപ്പറേഷൻ വിവിധ ഇനങ്ങളിൽ നൽകുന്ന യാത്രാ സൗജന്യങ്ങൾക്കു തുല്യമായ തുക സർക്കാരിൽ നിന്നും പ്രത്യേക ഗ്രാന്റായി അനുവദിച്ചു തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

കാസർകോട് നിന്നുള്ള അന്തർസംസ്ഥാന ബസ് സർവ്വീസുകൾ

23 (799) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് നിന്നും കർണ്ണാടക സംസ്ഥാനത്തിലേയ്ക്ക് ഓടുന്ന അന്തർ സംസ്ഥാന റൂട്ടുകളിൽ ഇപ്പോൾ ബസുകൾ ഓടിക്കുന്നുണ്ടോ ;

(ബി) ഇവിടെ നിന്നുള്ള അന്തർ സംസ്ഥാന റൂട്ടുകൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കാസർകോട്-മംഗലാപുരം ടൗൺ ബസുകൾ ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ കാസർകോട് ഡിപ്പോയ്ക്ക് അനുവദിച്ചിട്ടുള്ള എല്ലാ അന്തർ സംസ്ഥാന സർവീസുകളും ഓടുന്നുണ്ട്.

(ബി) പുതിയ അന്തർ സംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ മാത്രമേ റൂട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളു.

(സി) ഈ റൂട്ടിൽ നിലവിലനുവദിച്ചിട്ടുള്ള എല്ലാ സർവ്വീസുകളും ഓടിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly